പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3181 14.07. 2015 ൽ മറുപടിക്ക്

വൈദ്യുതി വകുപ്പിലെ കരാർ ജീവനക്കാർ

ചോദ്യം ഉത്തരം

ശ്രീ. മോൻസ് ജോസഫ് ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വർഷങ്ങളായി വൈദ്യുതി വകുപ്പിൽ പണിയെടുക്കുന്ന കരാർ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് ബോർഡും സർക്കാരും സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) 03.04.2004 ലെ ബോർഡ് ഉത്തരവിൽ പരാമർശിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം ഏറ്റവും കുറഞ്ഞ നിരക്കിൽ ക്വട്ടേഷൻ/ടെൻഡർ സമർപ്പിക്കുന്ന കരാറുകാർക്ക് വൈദ്യുതി ബോർഡ് ലിമിറ്റഡ് കരാർ അടിസ്ഥാനത്തിൽ വർക്ക് ഓർഡർ/കോൺട്രാക്ട് ഓഫ് എഗ്രിമെന്റ് -ൽ വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകൾ പ്രകാരം കരാർ ജോലികൾ അനുവദിച്ചു വരുന്നു.<br>കരാർ പ്രകാരമുള്ള വ്യത്യസ്ഥ ജോലികൾ ചെയ്യുന്നതിനുള്ള വേതനം കണക്കാക്കുന്നതിലേക്കായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള PWD Schedule of Rates -ലെ മാനദണ്ഡങ്ങൾ പാലിച്ചുവരുന്നു. അടിയന്തിര ഘട്ടങ്ങളിൽ വൈദ്യുതി താമസംവിനാ പുന:സ്ഥാപിക്കുന്നതിലേക്കായി Tear off slip/ employment slip മുതലായവ നൽകി ജോലിക്ക് ചുമതലപ്പെടുത്തുന്ന രീതിയും അവലംബിച്ചു വരുന്നു. |
| (ബി) ഈ വിഭാഗത്തിൽ സംസ്ഥാനത്ത് എത്ര ജീവനക്കാർ പണിയെടുക്കുന്നു എന്നറിയിക്കാമോ; ഇവരെ ബോർഡിൽ സ്ഥിരം തൊഴിലാളികളായി നിയമിക്കുന്ന കാര്യം പരിശോധിക്കുമോ; | (ബി) ഏകദേശം 2000 — ത്തോളം ജീവനക്കാർ സംസ്ഥാനമൊട്ടാകെ കരാർ അടിസ്ഥാനത്തിൽ ജോലിനോക്കി വരുന്നതായി കണക്കാക്കിയിട്ടുണ്ട്. ഒരു പൊതു മേഖലാ സ്ഥാപനം എന്ന നിലയിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ കെ.എസ്.ആർ., കെ.എസ്.എസ്.ആർ എന്നീ നിയമ വ്യവസ്ഥകൾ ബാധകമായതിനാലും, നിയമനങ്ങൾ കേരളാ പബ്ലിക് |

| | |
|---|---|
| | സർവീസ് കമ്മീഷൻ മുഖാന്തിരമാണ് നടത്തുന്നത് എന്നതിനാലും നിലവിലുള്ള നിയമപ്രകാരം കരാർ ജീവനക്കാർക്ക് സ്ഥിര നിയമനം നൽകുന്നത് പരിഗണിക്കുവാൻ നിർവ്വാഹമില്ല. |
| (സി) പുതിയ കോടതി വിധികളുടെ അടിസ്ഥാനത്തിൽ കരാർ ജീവനക്കാരെ വൈദ്യുതി വകുപ്പ് ഏറ്റെടുക്കുന്ന കാര്യം ഏത് ഘട്ടം വരെയായി എന്നറിയിക്കുമോ? | (സി)2004 – ലെ ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെയും ബഹുമാനപ്പെട്ട ഹൈക്കോടതി, സുപ്രീംകോടതി വിധികളുടെയും അടിസ്ഥാനത്തിൽ ഡെപ്യൂട്ടി ലേബർ കമ്മിഷണർ/അഡീഷണൽ ലേബർ കമ്മിഷണർ 1001 കരാർ ജീവനക്കാർ ഉൾപ്പെടുന്ന ലിസ്റ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള വിധിയുടെ അടിസ്ഥാനത്തിൽ 763 കരാർ തൊഴിലാളികളുടെ അഡിഷണൽ ലിസ്റ്റ് ഡെപ്യൂട്ടി ലേബർ കമ്മിഷണർ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഇതിനുശേഷം ലഭ്യമായിട്ടുള്ള 1700–ഓളം അപ്പീൽ അപേക്ഷയിന്മേൽ അഡിഷണൽ ലേബർ കമ്മിഷണർ കൂടിക്കാഴ്ച നടത്തി അർഹരായവരെ കണ്ടെത്തി ലിസ്റ്റ് സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ